പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 79. 09.08.2017 -ലെ മറുപടിക്ക്.

## കരട് തൊഴിൽ നയം

ചോദ്യം

ശ്രീ.അനിൽ അക്കര
ശ്രീ.വി.എസ്. ശിവകുമാർ
ശ്രീ.അനൂപ് ജേക്കബ്
ശ്രീ.വി.ടി.ബൽറാം :

മറുപടി

ശ്രീ. ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (എ) ഉണ്ട്. കരട് തൊഴിൽ നയത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. |
| (ബി) തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) വിവിധ മേഖലകളിൽ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിജപ്പെടുത്തുന്നതിനാണ് കരട് തൊഴിൽ നയത്തിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത 50 വയസ്സിനു മുകളിലുള്ളവർക്കായി സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഉണ്ട്. |
| (ഡി) പുതിയ തൊഴിൽ നയം തൊഴിൽ മേഖലയിൽ ഉണർവ് ഉണ്ടാക്കുമെന്ന് കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) ഉത്പാദനക്ഷമതയിലൂന്നിയ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും, തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തും, മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തിയും, സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിച്ചും സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉണർവ്വ് ഉണ്ടാക്കാനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്